# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 28      04.02.2013 ലെ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.റ്റി. ബലറാം: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 1. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ വേണ്ടി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചു.<br>2. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടി നടന്നുവരികയുമാണ്.<br>3. സ്ഥലം ഏറ്റെടുക്കുന്നതിന് ഫണ്ട് കണ്ടെത്തുന്നതിനായി അഞ്ചു ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുകയും കിൻഫ്രയെ സ്ഥലം ഏറ്റെടുക്കുന്നതിനായി നോഡൽ ഏജൻസിയായി നിയോഗിക്കുകയും ചെയ്തു.<br>4. വിമാനത്താവളത്തിന്റെ റൺവെ നിർമ്മിക്കുന്നതിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും മാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)നെ നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൾട്ടൻസായി AECOM നെ നിയോഗിക്കുകയും ചെയ്തു.<br>5. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പഠനത്തിനായി CESS നെ നിയോഗിക്കുകയും CESS പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി 6.11.2012 ന് കേരള പൊല്യൂഷ്യൻ കൺട്രോൾ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് 18.12.2012 ന് |

| | | | |
|---|---|---|---|
| | | | പബ്ലിക്ക്ഹിയറിംഗ് നടത്തുകയും 23.01.2013 ന് അന്തിമ റിപ്പോർട്ട് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | വിമാനത്താവളത്തിന്റെ പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പഠനത്തിനായി CESS നെ നിയോഗിക്കുകയും CESS പരിസ്ഥിതി പഠന ആഘാതം പൂർത്തിയാക്കി 6.11.2012 ന് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് 18.12.2012 ന് പബ്ലിക്ക്ഹിയറിംഗ് നടത്തുകയും 23.01.2013 ന് അന്തിമ റിപ്പോർട്ട് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. |
| (സി) | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | സിയാൽ തയ്യാറാക്കിയ വിശദമായ പ്രൊജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൾട്ടന്റായ AECOM റിവ്യൂചെയ്തുകൊണ്ടിരിക്കുകയാണ്. |
| (ഡി) | വിമാനത്താവളത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരിൽ നിന്നും 2013 ജനുവരി മാസത്തിൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ഇ) | കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താല്പര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഉണ്ട്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ NOC 5 വർഷത്തേയ്ക്ക് നീട്ടിക്കിട്ടിയിട്ടുണ്ട്. പ്രതിരോധമന്ത്രാലയത്തിന് 10 ഏക്കർ സ്ഥലം നൽകുന്നതിനുള്ള നിബന്ധന സർക്കാരിന്റെ ആഭ്യർത്ഥന മാനിച്ച് 10 ഏക്കർ ലീസ് വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനമാവുകയും ഒരു നേവൽ ഓഫീസറെ ബോർഡ് മെമ്പറായി ചേർക്കണമെന്നുള്ള നിബന്ധന ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ